# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

നമ്പർ: 7477/ഇ/2010/സം.തി.ക  തീയതി : 22.11.2010

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തിരഞ്ഞെടുപ്പ് – മാർഗ്ഗനിർദ്ദേശങ്ങൾ.

സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകൾ ഒഴികെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നവംബർ മാസം 24-ാം തീയതിയും മുനിസിപ്പൽ കോർപ്പറേഷനുകളിലെ തിരഞ്ഞെടുപ്പ് നവംബർ 25-ാം തീയതിയും നടക്കുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിന് അധികാരപ്പെടുത്തിയ വരണാധികാരികളാണ് ചെയർമാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിന്റെ വരണാധികാരിയും യോഗത്തിന്റെ അദ്ധ്യക്ഷനും. ഈ യോഗത്തിന് കോറം നിശ്ചയിച്ചിട്ടില്ല. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനും ചെയർമാൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന തിനായി സ്വയം നാമനിർദ്ദേശം ചെയ്യുന്നതിനും അവകാശമുണ്ടായിരിക്കും. കമ്മിറ്റികളിലെ എക്സ് ഒഫിഷ്യോ അംഗമായ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ എന്നിവർക്ക് വോട്ടവകാശമില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം ചട്ടപ്രകാരം കമ്മിറ്റിയിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം നടത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ രാജിമൂലമുണ്ടായ ആകസ്മിക ഒഴിവ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗത്തിന്റെ സ്ഥാനത്ത് തിരഞ്ഞെടുപ്പ് നടക്കാതിരുന്നതുമൂലം സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടുള്ള ഒഴിവ് എന്നീ കാരണങ്ങളാൽ ചെയർമാൻ തിരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ പാടില്ല. രാജിമൂലമുണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് ചെയർമാൻ തിരഞ്ഞെടുപ്പിനുശേഷം കമ്മീഷൻ പിന്നീട് നിശ്ചയിക്കുന്ന തീയതികളിൽ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

(ഒപ്പ്)

**പി. കമാൽകുട്ടി**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@sify.com, Website : www.electionker.org